ലേഖനം ●
ഡോ. അബ്ദുസ്സലാം വാണിയമ്പലം

## ഇസ്‌ലാമികപ്രസ്ഥാനങ്ങൾ പുതിയ സാഹചര്യത്തിൽ – 3

# ഭരണ പങ്കാളിത്തം

നയപരമായ വിയോജിപ്പുകൾ മൂലം പ്രസ്ഥാന ഘടനയിൽ നിന്നു വിട്ടുനിൽക്കുന്നവരെ പോലും ഉൾകൊള്ളുന്ന രീതിയാണ് ഇന്ന് പ്രസ്ഥാനങ്ങൾ സ്വീകരിച്ചുവരുന്നത്. ഘടനയിലില്ലെങ്കിലും അവരുടെ സേവനങ്ങളെ ഉപയോഗപ്പെടുത്താനാണ് തീരുമാനം. അതുകൊണ്ടുതന്നെ പല പ്രധാന വ്യക്തിത്വങ്ങളും പ്രസ്ഥാന ഘടന വിട്ടത് പരസ്യപ്പെടുത്തുകയോ അവരെ ബഹിഷ്കരിക്കുകയോ ചെയ്യാറില്ല പ്രസ്ഥാനങ്ങൾ. മാത്രമല്ല, തങ്ങളുടെ പ്രസിദ്ധീകരണങ്ങളിലും പരിപാടികളിലും അവർക്ക് പഴയതുപോലെത്തന്നെ ഇടം നൽകിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

**ഇസ്‌ലാമിക** പ്രസ്ഥാനങ്ങൾ, സമ്പൂർണ ഇസ്‌ലാമിക വ്യവസ്ഥിതിയിലല്ലാതെതന്നെ ഭരണപങ്കാളിത്തം വഹിക്കുന്നത് വ്യാപകമായി വരികയാണ്. 1979-ൽ സുഡാനിൽ ഇസ്‌ലാം വിരോധിയായിരുന്ന ജഅ്ഫർ നുമൈരിയുടെ ഭരണത്തിൽ പങ്കാളിത്തം വഹിക്കാൻ ഡോ. ഹസനുത്തുറാബിയുടെ നേതൃത്വത്തിലുള്ള ഇസ്‌ലാമിക പ്രസ്ഥാനം തീരുമാനിച്ചത് ഏറെ വിവാദങ്ങൾ സൃഷ്ടിക്കുകയും ഇസ്‌ലാമിസ്റ്റുകൾക്കിടയിൽ കടുത്ത ആശയക്കുഴപ്പമുണ്ടാക്കുകയും ചെയ്തിരുന്നു. എന്നാൽ ഇന്ന് അവസ്ഥ പൂർണമായും മാറി. സമ്പൂർണ ഇസ്‌ലാമിക രാഷ്ട്രം നിലവിൽ വരാതെ തന്നെ അതാതിടങ്ങളിൽ തെരഞ്ഞെടുക്കപ്പെടുന്ന ഭരണകൂടങ്ങളിൽ ഇസ്‌ലാമിന്റെയും സമൂഹത്തിന്റെയും താൽപര്യങ്ങൾ മുമ്പിൽ വെച്ച് പങ്കാളിത്തം വഹിക്കാമെന്നതിൽ ഇപ്പോൾ ഇസ്‌ലാമികപ്രസ്ഥാനങ്ങൾക്കിടയിൽ അഭിപ്രായഭിന്നതയില്ല. സാധ്യമാവുന്നേടത്തോളം ഭരണത്തിന്റെ സിരാകേന്ദ്രങ്ങളിൽ സ്വാധീനം ചെലുത്തേണ്ടത് അനിവാര്യമാണെന്നും പ്രസ്ഥാനങ്ങൾ കരുതുന്നു. അൾജീരിയയിലെ 'ഹംസി'ന്റെ നേതാവ് അബൂജർറ സുൽത്വാനി പറഞ്ഞു: "ഇസ്‌ലാമിസ്റ്റുകൾ നന്നായി നമസ്കരിക്കുന്നവരാണ് എന്നതു പോലെ, നന്നായി ഭരിക്കാനറിയുന്നവരാണെന്നുകൂടി തെളിയിക്കാനാണ് ഞങ്ങൾ ഭരണത്തിൽ പങ്കാളികളാവുന്നത്."

അൾജീരിയയിലെ 'ഹംസ്' ഇന്തോനേഷ്യയിലെ ജസ്റ്റിസ് & വെൽഫെയർ പാർട്ടി എന്നിവ ഇപ്പോൾ അധികാര പങ്കാളിത്തമുള്ള പ്രസ്ഥാനങ്ങളാണ്. യമനിലെ അൽ ഇസ്‌ലാഹ്, ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പുവരെയും ദീർഘകാലം പ്രസിഡന്റ് അലി അബ്ദുല്ലാ സ്വാലിഹിന്റെ ഭരണകൂടത്തിൽ പങ്കാളികളായിരുന്നു. ജോർദാനിലെ ഇഖ്‌വാൻ പലപ്പോഴും രാജഭരണത്തിനുകീഴിൽ ഭരണ പങ്കാളിത്തം വഹിച്ചു. ബംഗ്ലാദേശിൽ ജമാഅത്തെ ഇസ്‌ലാമി ഖാലിദാസിയ ഭരണകൂടത്തിൽ പങ്കാളിയായിരുന്നു. ഫലസ്ത്വീനിലെ ഹമാസ് സെക്യുലരിസ്റ്റുകളായ പി.എൽ.ഒയുമായി അധികാരം പങ്കിട്ടു. സുഡാനിൽ ഇഖ്‌വാനും സലഫികളും ഉമറുൽ ബഷീർ ഭരണകൂടത്തിൽ പങ്കാളികളാണ്. അധിനിവിഷ്ട ഇറാഖിൽ ഇസ്‌ലാമിസ്റ്റുകളുടെ വേദിയായ 'ജബ്ഹത്തുത്തവാഫുഖ്', വൈസ് പ്രസിഡന്റ് പദവി സ്വീകരിച്ചുകൊണ്ട് ഭരണ പങ്കാളിത്തം വഹിക്കുന്നു.

തുർക്കിയിലെ പരീക്ഷണം പ്രത്യേക പരാമർശമർഹിക്കുന്നു. 1924-ൽ ഖിലാഫത്തിന് അന്ത്യം കുറിച്ച അൾട്രാസെക്യുലരിസ്റ്റുകളുടെ നാട്ടിൽ ഇസ്‌ലാമിസ്റ്റുകൾ നടത്തുന്ന പരീക്ഷണങ്ങളാണ് ഉർദുഗാന്റെ രാഷ്ട്രീയ അഭ്യാസങ്ങൾ. 1970-ൽ രാഷ്ട്രീയ പാർട്ടിയുണ്ടാക്കി രംഗത്തുവന്ന നജ്മുദ്ദീൻ അർബകാന്റെ പരീക്ഷണങ്ങൾക്ക് പുതിയ ഭാഷ്യവും ഭൂമികയും നൽകുകയാണ് ഉർദുഗാൻ ചെയ്തത്. അർബകാൻ, ഒരു പാർട്ടി നിരോധിക്കപ്പെടുമ്പോൾ വേറെ പാർട്ടി രൂപീകരിച്ചും ജനോപകാരപ്രദമായ പദ്ധതികളാവിഷ്കരിച്ചും പരമാവധി പിടിച്ചുനിന്നെങ്കിലും, പട്ടാളവും സെക്യുലരിസ്റ്റുകളും അദ്ദേഹത്തെ വിടാതെ വേട്ടയാടിക്കൊണ്ടിരുന്നു. അദ്ദേഹത്തിന്റെ 'വർച്യൂ' പാർട്ടിയും നിരോധിക്കപ്പെട്ടു. തുടർന്ന് 'സആദ' പാർട്ടിയുണ്ടാക്കി. ഈ സാഹചര്യത്തിലാണ് അർബകാന്റെ അനുയായിയായിരുന്ന ഉർദുഗാൻ വഴിമാറുന്നത്. അർബകാന്റെ ഇസ്‌ലാമിക ദേശീയത, ഇസ്‌ലാമിക ഐക്യരാഷ്ട്ര സഭ, ഇസ്‌ലാമിക നാറ്റോ തുടങ്ങിയ ആശയങ്ങളെ ഉർദുഗാന്റെ ജസ്റ്റിസ് & ഡവലപ്മെന്റ് പാർട്ടി മാറ്റിവെച്ചു. യൂറോപ്യൻ യൂനിയനിൽ അംഗത്വത്തിന് കഠിനയത്നം നടത്തി. അമേരിക്കയുമായി സമവായത്തിലെത്തി. ഇസ്രയേലുമായി നയതന്ത്ര ബന്ധത്തിന് വൈമനസ്യം കാണിച്ചില്ല. പ്രകോപനമുണ്ടാക്കും വിധം ഇസ്‌ലാമിക അജണ്ടകൾ പ്രഖ്യാപിക്കുന്നതിനു പകരം, ജനക്ഷേമ പ്രവർത്തനങ്ങളിലൂടെ

സർവരുടെയും പിന്തുണനേടി. സ്ഥാനാർഥി പട്ടികയിൽ സെക്യുലരിസ്റ്റുകൾക്കും ഇടം നൽകി. ഇസ്‌ലാമിക വേഷവിധാനമില്ലാത്ത 63 സ്ത്രീകൾ ഉൾപ്പെടെയുള്ള വനിതകളെ മത്സരത്തിനിറക്കി.

അങ്ങനെ, അർബകാന്റെ പാർട്ടി 2.34 ശതമാനം വോട്ടുവാങ്ങിയപ്പോൾ ഉർദുഗാന്റെ പാർട്ടി 46.7 ശതമാനം വോട്ടും 340 സീറ്റുകളുമായി രണ്ടാമതും അധികാരത്തിലെത്തി.

സെക്യുലരിസവുമായും അന്താരാഷ്ട്ര സാഹചര്യങ്ങളുമായും പരമാവധി സമവായത്തിൽ നിൽക്കുന്ന ഉർദുഗാൻ, അതേയവസരം തന്റെ വിദൂരലക്ഷ്യമായ ഇസ്‌ലാമികവത്കരണത്തിന്റെ പ്രാഥമിക ചുവടുവെപ്പുകൾ നടത്താതിരുന്നിട്ടില്ലെന്നതും ശ്രദ്ധേയമാണ്. പർദ നിരോധനത്തിനെതിരെ അദ്ദേഹം ശക്തമായി നിലകൊണ്ടു. അതിന്റെ പേരിൽ തന്റെ പാർട്ടിയുടെ പ്രസിഡന്റ് സ്ഥാനാർഥി അബ്ദുല്ലാ ഗുല്ലിനെ തോൽപിക്കാനുള്ള ശ്രമങ്ങളെ ചെറുത്തു. അതിന്റെ പേരിലാണ് രണ്ടാമതും തെരഞ്ഞെടുപ്പിനെ നേരിട്ടതും പാർലമെന്റിൽ ഭൂരിപക്ഷം വർധിപ്പിച്ച് ഗുല്ലിനെ വിജയിപ്പിച്ചെടുത്തതും. അദ്ദേഹത്തിന്റെ ഭാര്യയും പെൺമക്കളും പർദയിട്ടുതന്നെ പൊതുരംഗത്തു പ്രത്യക്ഷപ്പെടുന്നു. ഈയിടെ അദ്ദേഹത്തിന്റെ പാർട്ടിയുടെ ഇസ്‌ലാമികതക്കെതിരെ പബ്ലിക് പ്രോസിക്യൂട്ടർ കോടതിയിൽ കേസ് നടത്തിയപ്പോഴും ഉർദുഗാൻ വിട്ടുവീഴ്ചക്ക് നിൽക്കാതെ പൊരുതി ജയിച്ചു.

രാഷ്ട്രീയ നിരീക്ഷകനും ഈജിപ്തിലെ ഇഖ്‌വാൻ നേതാവുമായ ഡോ. ഉസാമുൽ ഉർയാൻ തുർക്കി പരീക്ഷണത്തിലെ പാഠങ്ങളെ സംഗ്രഹിക്കുന്നതിങ്ങനെയാണ്:

1. എല്ലാവർക്കുമായി വാതിൽ തുറന്നിട്ട ഒരു ദേശീയ പാർട്ടി രൂപീകരിച്ചു. കടന്നുവരുന്നവരെല്ലാം സംഘടനയിൽ തങ്ങൾ സമന്മാരാണെന്ന് അനുഭവിച്ചറിഞ്ഞു.
2. സൈന്യം, ദേശസുരക്ഷാ കൗൺസിൽ, സെക്യുലർ പാർട്ടികൾ എന്നിവരുമായി ദേശീയ അനുരഞ്ജനം ഉണ്ടാക്കുന്നതിൽ വിജയിച്ചു. വിയോജിപ്പുകൾ പൗരന്മാരുടെ വിധിതീർപ്പിന് വിട്ടു.
3. വിസ്മയിപ്പിക്കുന്ന സാമ്പത്തിക പുരോഗതി കൈവരിച്ചു. സ്വതന്ത്ര ഇക്കണോമി, ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ച, പണപ്പെരുപ്പ നിയന്ത്രണം, ഓഹരി വിപണിയുടെ കുതിപ്പ് തുടങ്ങിയവ ആ പുരോഗതിയുടെ സൂചകങ്ങളാണ്.
4. യൂറോപ്പും അമേരിക്കയുമായി നല്ല ബന്ധം സ്ഥാപിച്ച് മറ്റു രാജ്യങ്ങളിലെ ഇസ്‌ലാമിസ്റ്റുകൾ നേരിടുന്ന ഒരു വലിയ കടമ്പ മറികടന്നു[1].

സ്ത്രീകളെ പർദയിടാൻ പോലും സമ്മതിക്കാത്ത ഒരു സെക്യുലർ സാഹചര്യം നിലനിൽക്കുന്ന രാഷ്ട്രത്തിൽ ഇപ്പോൾ ഇസ്‌ലാമിക ശരീഅത്ത് നടപ്പിലാക്കുന്നതിനെപ്പറ്റി പറയുന്നതിൽ അർഥമില്ലെന്നും, അത്തരം കാര്യങ്ങൾ ഒരു ദീർഘകാല പദ്ധതിയായിട്ടാവാം ഉർദുഗാൻ കാണുന്നതെന്നും ഡോ. ഉസാമുൽ ഉർയാൻ നിരീക്ഷിക്കുന്നു.

ഉർദുഗാന്റെ നിലപാടുകൾ ഇസ്‌ലാമിക മൂല്യങ്ങളിൽ നിന്നുള്ള പിന്മാറ്റമല്ലെന്നും അങ്ങേയറ്റം പ്രയാസകരമായ സാഹചര്യത്തിൽ ജനകീയ ജനാധിപത്യത്തെ ഉപയോഗിച്ച് മൃഗീയ സെക്യുലരിസത്തെ നേരിടുന്ന യജ്ഞമാണെന്നും ഇത്തരം സാഹചര്യത്തിൽ ക്രമാനുഗതത്വം (സുന്നത്തു തദർറുജ്) ദീക്ഷിക്കേണ്ടതുണ്ടെന്നും പ്രസിദ്ധ പണ്ഡിതനും യൂറോപ്യൻ ഫത്‌വാ കൗൺസിൽ അസി. ചെയർമാനുമായ ശൈഖ് ഫൈസ്വൽ മൗലവിയും പറഞ്ഞിട്ടുണ്ട്.

ചുരുക്കത്തിൽ, ഇസ്‌ലാമിസ്റ്റുകളുടെ സാമ്പ്രദായിക സമീപനങ്ങളിൽ നിന്ന് തീർത്തും ഭിന്നമായ രാഷ്ട്രീയ പരീക്ഷണങ്ങളാണ് തുർക്കിയിൽ നടക്കുന്നതെന്നും ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ അവയെ പഠനവിധേയമാക്കേണ്ടതുണ്ടെന്നുമുള്ള കാര്യത്തിൽ സംശയമില്ല.

ഇസ്‌ലാമിസ്റ്റുകളുടെ സാമ്പ്രദായിക സമീപനങ്ങളിൽ നിന്ന് തീർത്തും ഭിന്നമായ രാഷ്ട്രീയ പരീക്ഷണങ്ങളാണ് തുർക്കിയിൽ നടക്കുന്നതെന്നും ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ അവയെ പഠനവിധേയമാക്കേണ്ടതുണ്ടെന്നുമുള്ള കാര്യത്തിൽ സംശയമില്ല.

## തുറന്നിട്ട ജാലകങ്ങൾ

ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ ആഭ്യന്തര ഘടനകൾ ഇന്ന് തുറന്ന പുസ്തകങ്ങളാണ്. അവയ്ക്കകത്തു നടക്കുന്ന ചർച്ചകളും സമീപനങ്ങളിലെ വ്യത്യസ്തതകളും പുറംലോകമറിയുന്നതിൽ പ്രസ്ഥാനങ്ങൾ പഴയതുപോലെ അപാകം കാണുന്നില്ല. അത്തരം ചർച്ചകൾ അറിയാനും അവയിൽ ഇടപെടാനും പൊതുസമൂഹത്തിന് അവകാശമുണ്ടെന്നും അവ കരുതുന്നു. അടച്ചിട്ട മുറികളിലെ അടക്കം പറച്ചിലുകളിലൂടെയല്ല അവയുടെ പോളിസി രൂപപ്പെട്ടുവരുന്നത്. മറിച്ച്, ജനങ്ങളുമായി സംവദിച്ചുകൊണ്ടുകൂടിയാണ്.

ഉദാഹരണമായി, ഈജിപ്തിൽ ഇഖ്‌വാൻ അതിന്റെ രാഷ്ട്രീയ അജണ്ട തയാറാക്കി അന്തിമ തീരുമാനമെടുക്കുന്നതിനു മുമ്പ് പൊതുജന ചർച്ചക്ക് സമർപ്പിച്ചിരിക്കുന്നു. കഴിഞ്ഞവർഷം സെപ്റ്റംബറിൽ പൊതുചർച്ചക്ക് വിട്ട രാഷ്ട്രീയ രേഖ, വിവിധ വിഷയങ്ങളിൽ സംഘടന സ്വീകരിക്കാനുദ്ദേശിക്കുന്ന നയസമീപനങ്ങൾ വ്യക്തമാക്കുന്നു. ജനങ്ങളുടെ അഭിപ്രായമറിഞ്ഞശേഷം വീണ്ടും കേന്ദ്രസമിതി ചേർന്ന് രേഖക്ക് അന്തിമ രൂപം നൽകുകയാണ് ചെയ്യുക.

പണ്ടേ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ നേതൃത്വത്തെ തെരഞ്ഞെടുക്കുന്നത് ജനാധിപത്യരീതിയിലാണെങ്കിലും, ഇന്നത് പലയിടത്തും പരസ്യമായ മത്സരത്തിലൂടെയാണെന്ന പ്രത്യേകതയുണ്ട്. വ്യത്യസ്ത കാഴ്ചപ്പാടുകളെ പ്രതിനിധീകരിച്ച് നേതൃസ്ഥാനത്തേക്ക് സ്ഥാനാർഥികളുണ്ടാവുന്നു. മത്സരം പ്രത്യക്ഷത്തിൽ വ്യക്തികൾ തമ്മിലാണെങ്കിലും യഥാർഥത്തിൽ കാഴ്ചപ്പാടുകൾ തമ്മിലാണ്. പരസ്യമായി മത്സരിച്ച് ഒരാൾ വിജയിക്കുന്നതോടെ മറ്റുള്ളവർ അദ്ദേഹത്തെ സസന്തോഷം തങ്ങളുൾപ്പെടെയുള്ള സംഘടനയുടെ നേതാവായി അംഗീകരിക്കുന്നു.

ഇക്കഴിഞ്ഞ ജോർദാൻ ഇലക്ഷനിലെ പരാജയത്തെ തുടർന്ന് ഇഖ്‌വാന്റെ നേതൃത്വം രാജിവെക്കുകയും പുതിയ തെരഞ്ഞെടുപ്പ് നടക്കുകയും ചെയ്തു. നിലവിലുള്ള അധ്യക്ഷൻ സാലിമുൽ ഫലാഹാതും ഡോക്ടർ ഹമാം സഈദും തമ്മിൽ നടന്ന മത്സരത്തിൽ ഒരു വോട്ടിന് ഡോക്ടർ ഹമാം, സാലിമുൽ ഫലാഹാതിനെ പരാജയപ്പെടുത്തി. ഇഖ്‌വാനിൽ പിളർപ്പ് പ്രതീക്ഷിച്ച വാർത്താമാധ്യമങ്ങളെ നിരാശരാക്കി സാലിമുൽ ഫലാഹാത്ത്, ഡോക്ടർ ഹമാം സഈദിന് സർവ പിന്തുണയും വാഗ്ദാനം ചെയ്തു.

അൾജീരിയയിൽ 'ഹംസി'ന്റെ പ്രസിഡന്റ് അബൂജർറ സുൽത്വാനിക്കെതിരെ അബ്ദുൽ മജീദ് മുനാസ്വിറ രംഗത്തുവന്നത് മാധ്യമങ്ങളിൽ സജീവ ചർച്ചയായിരുന്നു. സംഘടനക്കകത്ത് രണ്ട് വ്യത്യസ്ത കാഴ്ചപ്പാടുകളെയാണ് ഇരുവരും പ്രതിനിധീകരിച്ചത്. സംഘടനയുടെ നാലാം ദേശീയ കോൺഫറൻസിൽ, നേതൃസ്ഥാനത്തേക്കുള്ള വാശിയേറിയ തെര

ഞ്ഞെടുപ്പിലേക്ക് നീങ്ങവെ, ചർച്ചകൾക്കൊടുവിൽ അബ്ദുൽ മജീദ് മുനാസിറ തന്റെ സ്ഥാനാർഥിത്വം പിൻവലിച്ച് അബൂജർറക്ക് പൂർണ പിന്തുണ പ്രഖ്യാപിച്ചു. അബൂജർറ പിന്മാറാൻ ആലോചിക്കുന്നതിനിടെയാണ് മുനാസിറ എല്ലാവരെയും അമ്പരപ്പിച്ചുകൊണ്ട് തന്റെ പിന്മാറ്റം പ്രഖ്യാപിച്ചത്. മത്സരത്തെപ്പറ്റി അബൂജർറ സുൽത്വാനി പറയുന്നതിങ്ങനെ: "വിശാലമായ ശൂറാ സമ്പ്രദായം, തുറന്ന ജനാധിപത്യം എന്നൊക്കെയാണ് അതേപറ്റി പറയേണ്ടത്. കൂടുതൽ വ്യക്തതയുള്ളതും ജനങ്ങൾക്ക് കൂടുതൽ ഉപകരിക്കുന്നതുമായ പുതിയ ഇസ്‌ലാമിക കാഴ്ചപ്പാടുകൾ രൂപപ്പെടുത്തുന്ന പ്രക്രിയയിൽ സംഘടനയിലെ എല്ലാവർക്കും പങ്കാളിത്തം നൽകാൻ ഇത്തരം തുറന്ന രീതികൾ അനിവാര്യമാണ്... വിഷയങ്ങൾ ചർച്ച ചെയ്യാൻ എല്ലാവർക്കും മുമ്പിൽ വാതിൽ തുറന്നിട്ടു. തെരഞ്ഞെടുപ്പ് ഹാളിലേക്ക് അവർ പ്രവേശിച്ചത് ഭാവി കാഴ്ചപ്പാടുകളുമായാണ്. എല്ലാവരും സ്വപ്നം കണ്ടത്, പ്രസ്ഥാനം ഇന്നത്തേക്കാൾ വളർന്നുവലുതാകുന്നതുമാത്രം. അങ്ങനെ അഞ്ചുദിവസം കൊണ്ടും കൊടുത്തും അവർ കഴിച്ചുകൂട്ടി. അവസാനം ഒരൊറ്റ നിരയായി ഹാളിൽ നിന്നവർ പുറത്തുവന്നു".[2]

നയപരമായ വിയോജിപ്പുകൾ മൂലം പ്രസ്ഥാന ഘടനയിൽ നിന്നു വിട്ടുനിൽക്കുന്നവരെ പോലും ഉൾകൊള്ളുന്ന രീതിയാണ് ഇന്ന് പ്രസ്ഥാനങ്ങൾ സ്വീകരിച്ചുവരുന്നത്. ഘടനയിലില്ലെങ്കിലും അവരുടെ സേവനങ്ങളെ ഉപയോഗപ്പെടുത്താനാണ് തീരുമാനം. അതുകൊണ്ടുതന്നെ പല പ്രധാന വ്യക്തിത്വങ്ങളും പ്രസ്ഥാന ഘടന വിട്ടത് പരസ്യപ്പെടുത്തുകയോ അവരെ ബഹിഷ്കരിക്കുകയോ ചെയ്യാറില്ല പ്രസ്ഥാനങ്ങൾ. മാത്രമല്ല, തങ്ങളുടെ പ്രസിദ്ധീകരണങ്ങളിലും പരിപാടികളിലും അവർക്ക് പഴയതുപോലെത്തന്നെ ഇടം നൽകിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

## ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ ബഹുത്വം

ആധുനിക ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ പുതിയ നയസമീപനങ്ങളുടെ ലബോറട്ടറിയായി ഗണിക്കപ്പെടുന്ന മൊറോക്കോയിലെ 'ഹറകതുത്തൗഹീദ് വൽ ഇസ്‌ലാഹി'ന്റെ അധ്യക്ഷൻ മുഹമ്മദുൽ ഹംദാവി പറയുന്നു:

"തുറന്ന മനസ്സ്, പ്രായോഗിക ലോകവുമായി സഹവർത്തിത്വം എന്നൊക്കെ പറയുമ്പോൾ നാം ഉദ്ദേശിക്കുന്നത്, സമൂഹത്തിന്റെ ഉപദേശകരായി ഉയർന്നുനിൽക്കുന്ന, അവരുടെ ഗുരുവിന്റെ മനസ്സുമായി കഴിയുന്ന ഒരവസ്ഥയുണ്ടാകരുത് എന്നാണ്. നമുക്ക് സമൂഹത്തിന് നൽകാൻ ഒരു സന്ദേശമുണ്ടെന്നത് ശരി. പക്ഷേ, സമൂഹത്തിലും ഒരുപാട് നന്മകളുണ്ട്. നാം അവയെ പ്രയോജനപ്പെടുത്തണം. കൊടുക്കുക മാത്രമല്ല, എടുക്കുകയും വേണം. നമ്മുടെ പ്രസ്ഥാനവുമായി ബന്ധപ്പെട്ടവരുമായി മാത്രമേ നമുക്കു ബന്ധമുള്ളൂവെന്നു വരരുത്."[3]

ഇസ്‌ലാമിക സമൂഹത്തിന്റെ ബഹുത്വം അംഗീകരിക്കാൻ ഇന്ന് ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ സന്നദ്ധമാണ്. തങ്ങളുടെ പ്രസ്ഥാനം മാത്രം ശരി, ബാക്കിയൊക്കെ തെറ്റ് എന്നു വിശ്വസിക്കുന്നതിനുപകരം, മറ്റു പ്രസ്ഥാനങ്ങളെയും അവയുടെ ന്യൂനതയോടെത്തന്നെ ഉൾകൊള്ളാനും അവയുടെയും നന്മകളെ ഇസ്‌ലാമിന്റെ വിശാല ലക്ഷ്യത്തിനുവേണ്ടി ഉപയോഗപ്പെടുത്താനും അവ ജാഗ്രത പുലർത്തുന്നു. ഇന്നത്തേതുപോലുള്ള ഒരു കാലഘട്ടത്തിൽ, തങ്ങൾ മാത്രം വിചാരിച്ചാൽ ഇസ്‌ലാമിനെ വിജയിപ്പിക്കാനാവില്ലെന്നും മറ്റുള്ളവരുടെ കൂടി പങ്കാളിത്തത്തോടെ മാത്രമേ അതു സാധ്യമാവുകയുള്ളൂവെന്നുമുള്ള ശക്തമായ ബോധ്യമാണ്, പോരായ്മകളുണ്ടെങ്കിലും മറ്റു പ്രസ്ഥാനങ്ങളെയും പരമാവധി ഉൾക്കൊള്ളാനും ഇസ്‌ലാമിന്റെ വിശാല ലക്ഷ്യങ്ങൾക്കായി ഉപയോഗപ്പെടുത്താനും ഇസ്‌ലാമിക പ്രസ്ഥാനങ്ങളെ പ്രേരിപ്പിക്കുന്നത്. എല്ലാ ഇസ്‌ലാമിക ഗ്രൂപ്പുകളുടെയും പ്രവർത്തനങ്ങളുടെ അന്തിമ ഗുണഭോക്താവ് ഇസ്‌ലാമായിരിക്കും എന്ന് അവ തിരിച്ചറിയുന്നു. അത്തരം ഗ്രൂപ്പുകളുടെ നയനിലപാടുകളിലും ഇന്ന് വലിയ മാറ്റങ്ങൾ വന്നിട്ടുണ്ടെന്നത് കാണാതിരുന്നുകൂടാ. ഇസ്‌ലാമിന്റെ സമഗ്രത, മത-രാഷ്ട്രീയ വിഭജനം, സാമ്രാജ്യത്വ വിരോധം തുടങ്ങിയ ഒട്ടേറെ വിഷയങ്ങളിൽ ആ ഗ്രൂപ്പുകൾ ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ നിലപാടുകളിലേക്ക് വന്നിട്ടുണ്ട്.

അതുകൊണ്ട്, ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ മുൻകൈയോടെ, ഇന്നു ലോകത്ത് മുസ്‌ലിം സംഘടനകൾക്കിടയിൽ ആശാവഹമായ ഐക്യം രൂപപ്പെട്ടുവരുന്നതായി കാണാം. ഈജിപ്തിൽ സലഫികൾ ഇഖ്‌വാനുൽ മുസ്‌ലിമൂനും ബംഗ്ലാദേശിൽ സലഫികൾ ജമാഅത്തെ ഇസ്‌ലാമിക്കുമാണ് വോട്ടുചെയ്യുന്നത്. കുവൈത്തിലും ബഹ്റൈനിലും ഒട്ടേറെ അഭിപ്രായ വ്യത്യാസങ്ങൾ നിലനിൽക്കെത്തന്നെ ഇഖ്‌വാനികളും സലഫികളും രാഷ്ട്രീയത്തിൽ പരസ്പരം സഹകരിച്ചാണ് പ്രവർത്തിക്കുന്നത്. പാർലമെന്റ് തെരഞ്ഞെടുപ്പുകളിൽ പരസ്പരം മത്സരിക്കാതെ മതവിരുദ്ധർക്കെതിരെ ഒറ്റക്കെട്ടായി നിൽക്കുകയാണ് ഇരു സംഘടനകളും. സുഡാനിൽ ഇഖ്‌വാനികളും സലഫികളും ഒരുമിച്ച് ഉമറുൽ ബശീറിന്റെ ഭരണത്തിൽ പങ്കാളിത്തം വഹിക്കുന്നു. പാകിസ്താനിൽ ജമാഅത്തെ ഇസ്‌ലാമി മുൻകൈയെടുത്ത് രൂപീകരിച്ച ഏഴു മുസ്‌ലിം സംഘടനകളുൾക്കൊള്ളുന്ന മജ്‌ലിസെ മുത്തഹിദ അമൽ (എം.എം.എ) കഴിഞ്ഞ പാർലമെന്റിൽ 68 അംഗങ്ങളും ഒരു പ്രവിശ്യയുടെ ഭരണവും ലഭിച്ച സഖ്യമായിരുന്നു.

> ഇന്നത്തേതുപോലുള്ള ഒരു കാലഘട്ടത്തിൽ, തങ്ങൾ മാത്രം വിചാരിച്ചാൽ ഇസ്‌ലാമിനെ വിജയിപ്പിക്കാനാവില്ലെന്നും മറ്റുള്ളവരുടെ കൂടി പങ്കാളിത്തത്തോടെ മാത്രമേ അതു സാധ്യമാവുകയുള്ളൂവെന്നുമുള്ള ശക്തമായ ബോധ്യമാണ്, പോരായ്മകളുണ്ടെങ്കിലും മറ്റു പ്രസ്ഥാനങ്ങളെയും പരമാവധി ഉൾക്കൊള്ളാനും ഇസ്‌ലാമിന്റെ വിശാല ലക്ഷ്യങ്ങൾക്കായി ഉപയോഗപ്പെടുത്താനും ഇസ്‌ലാമിക പ്രസ്ഥാനങ്ങളെ പ്രേരിപ്പിക്കുന്നത്.

മുസ്‌ലിം സംഘടനകളുടെ ഐക്യത്തിനുവേണ്ടി വലിയ വിട്ടുവീഴ്ചകളാണ് ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതെന്നു കാണാം. കുറേ കാലമായി മുസ്‌ലിം സംഘടനകളുടെ ഐക്യനിരക്കുവേണ്ടി ശ്രമിച്ചുകൊണ്ടിരുന്ന തങ്ങൾ കഴിഞ്ഞ 30 വർഷമായി പാകിസ്താനിലെ ഒരു മതസംഘടനയെയും വിമർശിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്നുവെന്ന് പാക് ജമാഅത്ത് അമീർ ഖാദി ഹുസൈൻ പറഞ്ഞത് ശ്രദ്ധേയമാണ്. കുവൈത്തിലും ബഹ്റൈനിലും പലപ്പോഴും സഖ്യമര്യാദകൾ ലംഘിച്ചുകൊണ്ട് ഇലക്ഷനിൽ സഖ്യകക്ഷികൾ കാലുവാരുമ്പോഴും, ഇഖ്‌വാൻ തങ്ങളുടെ അമർഷം പരസ്യമായി പ്രകടിപ്പിക്കാറില്ല.

(തുടരും)

### കുറിപ്പുകൾ

1) *അൽ മുജ്തമഅ്* വാരിക, ലക്കം 1812. 26/7/2008
2) *അൽ മുജ്തമഅ്* വാരിക, ലക്കം 1812. 26/7/2008
3) *അൽ മുജ്തമഅ്* ലക്കം: 1706, 17/6/2006